(ഡി) ഉണ്ട്.

(ഇ) അന്വേഷണത്തിൽ രാജീവന്റെ മരണം കൊലപാതകമാണെന്ന് തെളിയിക്കാൻ ഉപയുക്തമായ തെളിവൊന്നും ലഭിച്ചിട്ടില്ല. കേസ് അന്വേഷണം ത്വരിത ഗതിയിൽ നടക്കുന്നു.

വി. സി. 13/99 നമ്പർ കേസിലെ പ്രതികൾ

31 [837] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സ്പെഷ്യൽ, ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷിച്ച് രജിസ്റ്റർ ചെയ്ത വി. സി. 13/99 നമ്പർ കേസിലെ പ്രതികൾ ആരെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിലെ പ്രതികൾക്കെതിരെ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1. ശ്രീ. സി. ഉണ്ണികൃഷ്ണൻ നായർ, പ്രസിഡന്റ്, തിരുവനന്തപുരം, സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ റ്റി-131.

2. ശ്രീ. കെ. രാമകൃഷ്ണപിള്ള, വൈസ് പ്രസിഡന്റ്.

3. ശ്രീ. എൻ. കൃഷ്ണൻ നായർ, ഡയറക്ടർ ബോർഡ് അംഗം.

4. ശ്രീ. പി. കേശവൻ നായർ, ഡയറക്ടർ ബോർഡ് അംഗം.

5. ശ്രീ. വി. സുരേന്ദ്രൻ നായർ, ഡയറക്ടർ ബോർഡ് അംഗം.

6. ശ്രീ. എസ്. മധു, ഡയറക്ടർ ബോർഡ് അംഗം.

7. ശ്രീ. പി. അശോക് കുമാർ, ഡയറക്ടർ ബോർഡ് അംഗം.

8. ശ്രീമതി എസ്. ബേബി അമ്മ, ഡയറക്ടർ ബോർഡ് അംഗം.

9. ശ്രീ. എസ്. രാജൻ, ഡയറക്ടർ ബോർഡ് അംഗം.

10. ശ്രീ. സി. പി. ജോൺ, ചീഫ് പ്രൊമോട്ടർ, കഴക്കൂട്ടം സ്പിന്നിംഗ് മിൽ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഴിമതി നിരോധന നിയമ പ്രകാരം, പ്രസ്തുത കേസിലെ പ്രതികളെ പ്രോസിക്യൂട്ട് ചെയ്യുവാൻ ആവശ്യമായ അനുവാദം നൽകുന്നതിനു അർഹതയുള്ള അധികാരിയായ സഹകരണ സംഘം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർക്ക് ഇതുസംബന്ധിച്ച് ഉചിതമായ തീരുമാനം സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീകാര്യത്ത് പോലീസ് സ്റ്റേഷൻ

32 [841] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മെഡിക്കൽ കോളേജ്, കഴക്കൂട്ടം, തുമ്പ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തന പരിധിയിൽ വരുന്ന ചില മേഖലകൾ ഉൾപ്പെടുത്തി ശ്രീകാര്യം കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് സ്ഥലം എം.എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ശ്രീകാര്യത്ത് പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിനാവശ്യമായ സൗകര്യമുള്ള കെട്ടിടം സജ്ജമാക്കി നൽകണമെന്ന് ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെട്ടിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനസാന്ദ്രത, ക്രിമിനൽ കേസുകളുടെ എണ്ണം, ക്രമസമാധാനപ്രശ്നങ്ങളുടെ ബാഹുല്യം എന്നിവയിൽ ഏറ്റവും മുന്നിലുള്ള ശ്രീകാര്യം പ്രദേശത്ത് പോലീസ് സ്റ്റേഷൻ ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി പുതുക്കിയ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ ഡി.ജി.പി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

കൊപ്പം പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

33 [842] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ വലിയ പോലീസ് സ്റ്റേഷനുകളിൽ ഒന്നായ പട്ടാമ്പി സ്റ്റേഷൻ വിഭജിച്ച് കൊപ്പം പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly